ഫെബ്രുവരി
2021
ലക്കം 2

# യുവചേതന

എം.സി.വൈ.എം. സഭാതല സമിതി മുഖപത്രം



## പുണ്യം പൂക്കുന്ന വലിയ നോമ്പുകാലം....

www.malankaralibrary.com


# എഡിറ്റോറിയൽ



പുണ്യം പൂക്കുന്ന വലിയ നോമ്പുകാലത്തിലേക്ക് നാം വീണ്ടും പ്രവേശിക്കുകയാണല്ലോ. 'വലിയോരായുധമാം നോമ്പിൽ തീക്ഷ്ണത ഉൾക്കൊൾക...' വലിയ നോമ്പിലെ ഞായറാഴ്ചകളിൽ വിശുദ്ധ കുർബാനയിൽ നാം പാടി പ്രാർത്ഥിക്കുന്ന ഗീതമാണല്ലോ ഇത്. ഈ ഗീതം നമ്മെ ഓർമ്മിപ്പിക്കുന്നതു പോലെ തീക്ഷ്ണതയാൽ എരിഞ്ഞ് പ്രാർത്ഥിക്കുവാനും പരിത്യാഗ പ്രവർത്തികൾ ചെയ്യുവാനും നമ്മുടെ ജീവിതത്തെപ്പറ്റി ആഴമായി ധ്യാനിക്കുവാനും പഴയകാല ജീവിത സാഹചര്യങ്ങളിലേക്ക് ഒരു എത്തിനോട്ടം നടത്തി ജീവിതത്തെ നവീകരിക്കുവാനും പുതിയ മനുഷ്യരായി തീരുവാനും ഈ വലിയ നോമ്പു കാലത്ത് സഭ നമ്മെ ക്ഷണിക്കുന്നു.

ഭക്ഷണത്തിൽ മാത്രം നോമ്പ് അനുഷ്ഠിക്കുന്നവനെ നോമ്പുകാരനായി പരിഗണിക്കുന്നില്ല എന്നത് വലിയ നോമ്പിലെ പ്രാർത്ഥനകളിലുടനീളം കാണാനാവുന്ന സന്ദേശമാണ്. ശരീരം ഭക്ഷണം വെടിയുമ്പോൾ ആത്മാവ് നമ്മിലുള്ള ചില തഴക്കദോഷങ്ങളെയും പാപസാഹചര്യങ്ങളെയും ഉപേക്ഷിക്കുമ്പോഴാണ് നോമ്പ് പൂർണ്ണമാകുന്നതും അതിന്റെ കൃത്യമായ അനുഷ്ഠാനം നടക്കുന്നതും. കഴുകൻ അതിന്റെ യൗവ്വനം നിലനിർത്തുന്നതിനു വേണ്ടി വലിയ മലയിടുക്കുകളിൽ പോയി ഇരുന്ന് സ്വന്തം തൂവലുകൾ കൊത്തി പറിച്ചു കളഞ്ഞ് സ്വയം സഹനമേറ്റെടുത്തു കൊണ്ട് ഒരു സമാധിയിലേക്ക് പ്രവേശിച്ച് പുതിയ തൂവലുകളും ഊർജ്ജവും സ്വീകരിച്ച് അനന്തവിഹായസ്സിലേക്ക് പറന്നുയരുന്നതു പോലെ നാമും നോമ്പാകുന്ന വലിയ ആയുധം ധരിച്ചു കൊണ്ട് നമ്മുടെ ആധ്യാത്മിക ജീവിതത്തെ യൗവ്വനയുക്തമാക്കാൻ പരിശ്രമിക്കാം.

ഈ വലിയ നോമ്പിന്റെ കാലഘട്ടത്തിൽ പുനരൈക്യ പ്രേഷിതരിൽ ശ്രദ്ധേയനായ പുണ്യശ്ലോകൻ തോമസ് മാർ ദിയസ്കോറോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ സഭ ആചരിക്കുന്നു. ലൗകീക സമ്പത്തും സ്ഥാനമാനങ്ങളുമൊക്കെ താൻ തിരിച്ചറിഞ്ഞ സത്യത്തിനു വേണ്ടി വലിച്ചെറിഞ്ഞുകൊണ്ട് പ്രാർത്ഥനയിലും പരിത്യാഗത്തിലും താപസനെ പോലെ ജീവിച്ച് മലങ്കര സഭയ്ക്ക് അനുഗ്രഹമായി തീർന്ന വന്ദ്യ പിതാവിന്റെ ഓർമ്മ നമുക്ക് ഈ വലിയ നോമ്പുകാലത്ത് കൂടുതൽ ഊർജ്ജം പകരട്ടെ. അതുപോലെ തന്നെ കർത്താവിന്റെ കുരിശുകളോട് തന്റെ ജീവിതത്തെ ചേർത്ത് വച്ച് കർത്താവിന്റെ സുവിശേഷത്തിനു വേണ്ടി ഭാരതത്തിന്റെ മണ്ണിൽ രക്തസാക്ഷിയായി തീർന്ന വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയുടെയും ഓർമ്മ സഭ സവിശേഷമായിട്ട് ഈ ദിനങ്ങളിൽ കൊണ്ടാടുന്നു. പ്രാർത്ഥനയിലും നോമ്പിലും ശരണപ്പെട്ട് ഊർജ്ജം സ്വീകരിച്ച് കർത്താവിന്റെ സുവിശേഷത്തിന് സാക്ഷികളായി തീരുവാൻ ഈ വലിയ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.



**ജിനു ജോർജ്ജ്**

*എം.സി.വൈ.എം. ജനറൽ സെക്രട്ടറി*

*ചീഫ് എഡിറ്റർ*





കുന്തത്താൽ കുത്തിത്തുളയ്ക്കപ്പെട്ടവന്റെ പുനരാഗമനത്തിനായി പ്രകാശത്തിന്റെ പ്രകൃതിയിലേക്ക് കണ്ണും നട്ടിരിക്കുന്ന ക്രൈസ്തവസഭ അനുതാപത്തിന്റെ മൂന്നു നോമ്പിലൂടെ രക്ഷയുടെ കുരിശിനെ അനുഗമിച്ചു കൊണ്ട് വലിയ നോമ്പിലേക്കുള്ള തിരിനാളം തെളിയിക്കുവാനൊരുങ്ങുന്ന ദിനങ്ങളാണിത്. ക്രിസ്തുവെന്ന പ്രകാശത്തെ പ്രവേശിപ്പിച്ച് ഇരുൾക്കുഴികളെ മൂടാനും അതുല്യ ദിവ്യശോഭയിൽ വിളങ്ങുന്ന കാൽവരിയിലെ കുരിശിനെ നോക്കി 'വെളിച്ചത്തിന്റെ വെളിച്ചത്തെ' ധ്യാനിക്കുവാനും സഭയോട് ചേർന്ന് നിന്ന് നമ്മൾ യുവജനങ്ങളും പഠിച്ചുകൊണ്ടിരിക്കുകയാണ്.

തന്റെ മാറിടത്തിലേയ്ക്ക് ചായുവാനുള്ള അവകാശത്തിന്റെ താക്കോൽ ആർക്കും തീറെഴുതിക്കൊടുക്കാതെ, ചുങ്കക്കാരനെയും മഹാപാപിയെയും ശത്രുവിനെയും മാറോട് ചേർത്ത ആ മുപ്പത്തിമൂന്നുകാരനായ ചെറുപ്പക്കാരനെയല്ലാതെ മറ്റാരെയാണ് മനസ്സിൽ പ്രതിഷ്ഠിക്കുവാൻ നമുക്ക് സാധിക്കുക? എന്റെ ഉള്ളിലെ തീയും നിന്റെ ഉള്ളിലെ തീക്കനലും എന്നിലേയ്ക്കും നിന്നിലേയ്ക്കും വിശ്വാസത്തിലൂടെ കോരിയിട്ടത് അവനാണ്. പാപത്തിന്റെ അഗാധഗർത്തങ്ങളിലേയ്ക്ക് കാൽ വഴുതുമ്പോൾ രക്ഷയിലേക്കുള്ള ഊടുവഴികൾ തെളിയ്ക്കുന്നതും അവനാണ്. മരണത്തിന്റെ നിഴലിലൂടെ നടക്കുമ്പോൾ ജീവനിലേക്കു പാദങ്ങളെ ചലിപ്പിക്കുന്നതും അവനാണ്. ചുരുക്കിപ്പറഞ്ഞാൽ. അവനില്ലാതെ നമ്മളില്ല. അവന്റെ ശരീരവും രക്തവുമില്ലെങ്കിൽ നമുക്ക് ആത്മാവുമില്ല.

വീണ്ടുമൊരു നോമ്പ് കാലം നമ്മിലേക്കെത്തുമ്പോൾ ഏറ്റവും ഉചിതമായി തന്നെ പ്രകാശത്തിന്റെ പ്രകാശത്തിലേക്ക് നമുക്കും പറന്നുയരാം. 'എന്റെ ഹൃദയം ഉള്ളിൽ തപിച്ചു; ഞാൻ ചിന്തിച്ചപ്പോൾ അതു കത്തിജ്വലിച്ചു'. (സങ്കീ :39-3) 'കത്തിജ്വലിക്കുവാൻ തക്കവിധം ക്രൂശിതന്റെ പ്രകാശത്തെ തേടിയുള്ള നമ്മുടെ യാത്ര ഹൃദയങ്ങളുടെ തപത്തിലേയ്ക്കും അവിടെനിന്നു അനുതാപത്തിലേയ്ക്കും പിന്നീട് രക്ഷയുടെ ഉണർവ്വിലേയ്ക്കും ചെന്നെത്തട്ടെ... അതിനുള്ള അൻപതു ദിനങ്ങളായിരിക്കട്ടെ ഈ വലിയ നോമ്പുകാലം ...

**ജിത്ത് ജോൺ ഫ്രാൻസിസ്**
*എം.സി.വൈ.എം. പ്രസിഡന്റ്*

www.malankaralibrary.com



# കേരള സഭയുടെ രക്തപുഷ്പം
# വാഴ്ത്തപ്പെട്ട റാണി മരിയ



**സി. നിമ്യാ റോസ് ഡി. എം.**
ഗുഡ്ഗാവ് രൂപതാ ആനിമേറ്റർ

പുല്ലുവഴി, ആരാലും അറിയപ്പെടാതെ കിടന്ന ആ കൊച്ചുഗ്രാമം വിശുദ്ധിയുടെ കിരണങ്ങൾ ഏറ്റുവാങ്ങിയപ്പോൾ ആ ഗ്രാമത്തെ കേരളം മാത്രമല്ല, ലോകം മുഴുവനും അറിഞ്ഞുതുടങ്ങി. കേരളത്തിലെ വ്യത്യസ്ത സാംസ്കാരിക പ്രത്യേകതകളെ കോർത്തിണക്കിയ ഈ ഗ്രാമം, പ്രകൃതിയുടെ ദാനമായ സുന്ദരമായി ഒഴുകുന്ന പെരിയാറിന്റെയും മൂവാറ്റുപുഴയാറിന്റെയും ഇടയിലാണ്. മാത്രമല്ല വയലുകളും സസ്യലതാദികളും ഫലവൃക്ഷങ്ങളുമൊക്കെ നിറഞ്ഞുനിൽക്കുന്ന ഈ ഗ്രാമത്തിൽ, അധികവും കർഷകർ തന്നെയാണ്. ഗ്രാമത്തിന്റെ ഐശ്വര്യമായി സെന്റ് തോമസ് ദേവാലയം നിലകൊള്ളുന്നു. ചുരുക്കിപ്പറഞ്ഞാൽ ആധ്യാത്മിക ചൈതന്യവും പ്രകൃതിരമണീയതയും സാംസ്കാരിക വളർച്ചയും സമന്വയിപ്പിക്കുന്ന പ്രതീതിയാണ് നമ്മുടെ സിസ്റ്റർ റാണി മരിയയുടെ ജന്മദേശമായ പുല്ലുവഴി നൽകുന്നത്.

വട്ടാലിൽ കുടുംബത്തിൽ പൈലി-ഏലിശ്വ ദമ്പതികളുടെ ഏഴുമക്കളിൽ രണ്ടാമത്തെ മകളാണ് മേരി കുഞ്ഞ് (സി. റാണി മരിയ). വല്യമ്മച്ചിയുടെ കൂടെയുള്ള പള്ളിയിൽ പോക്കും മാതാപിതാക്കളിൽ നിന്ന് പഠിച്ച കൊച്ചുകൊച്ചു പുണ്യം ചെയ്യാനുള്ള അവസരങ്ങളും വിശുദ്ധരുടെ ജീവചരിത്രം വായനയുമൊക്കെ മേരിക്കുഞ്ഞിന്റെയുള്ളിൽ ഒരു നല്ല സന്യാസിനിയാകാനും മിഷനറിയാകാനുമുള്ള മോഹം ഉദിപ്പിച്ചു. ഈ മോഹം തന്റെ മാതാപിതാക്കളോട് തുറന്നു പറ ഞ്ഞു, പക്ഷേ മറ്റു സഹോദരങ്ങൾ എതിർത്തപ്പോൾ അപ്പൻ അവരോട് പറഞ്ഞു "മക്കളെ ദൈവവിളി എന്നത് ആരും കൊതിച്ചാലും കിട്ടുന്നതല്ല, അത് ദൈവത്തിന്റെ പ്രത്യേക നിശ്ചയമാണ്"

1972-ൽ മേരി കുഞ്ഞ് ക്ലാരിസ്റ്റ് (FCC) കോൺവെന്റിൽ ചേർന്ന് പഠിച്ച് 1974-ൽ 20-ാം വയസ്സിൽ റാണി മരിയ എന്ന പേര് സ്വീകരിച്ച് ആദ്യ വ്രതം ചെയ്തു. വടക്കേ ഇന്ത്യയിൽ ജോലിചെയ്തിരുന്ന സിസ്റ്റേഴ്സ് നാട്ടിൽ വരുമ്പോൾ മിഷനെക്കുറിച്ചും ഈശോയെ അറിയാത്ത പാവപ്പെട്ട ജനങ്ങളെക്കുറിച്ചുമൊക്കെ പറയുമ്പോൾ സി. റാണി മരിയയുടെ ഹൃദയത്തിലുണ്ടായിരുന്ന മോഹങ്ങൾ കത്തിജ്വലിക്കുകയായിരുന്നു.

അങ്ങനെ 1975-ൽ ആദ്യമായി സി. റാണി മരിയ വടക്കേ ഇന്ത്യയിൽ ബിജ്നോർ രൂപതയിലെത്തി. എട്ടു വർഷത്തോളം അവിടെ സേവനം ചെയ്തശേഷം 1983-ൽ സത്നാ രൂപതയിൽ എത്തുകയും 9 വർഷത്തെ സേവനത്തിനുശേഷം 1992-ൽ ഇൻഡോർ രൂപതയിലുള്ള ഉദയനഗർ എന്ന സ്ഥലത്ത് നിയമിതയാവുകയും ചെയ്തു. സിസ്റ്റർ സേവനം ചെയ്ത സ്ഥലങ്ങളിലെല്ലാം തന്നെ ആ ഗ്രാമങ്ങളെക്കുറിച്ച്


www.malankaralibrary.com

പഠിച്ച്, സാമ്പത്തിക നിലവാരങ്ങളെ വിലയിരുത്തി ആ ഗ്രാമവാസികൾക്ക് വേണ്ട വികസന കമ്മിറ്റികൾ രൂപീകരിച്ചു. മാത്രമല്ല ലഘുനിക്ഷേപ പദ്ധതികൾ രൂപീകരിച്ചു. സേവന സമിതികൾ, മഹിളാ മണ്ഡൽ തുടങ്ങി പല സംഘടനകൾക്കും രൂപംകൊടുത്തു. ഉയർന്ന ജാതിക്കാരായ ബനിയ സമുദായത്തിൽപ്പെട്ട പണക്കാരുടെ ചൂഷണത്തിന് വിധേയരായി, കൊള്ള പ്പലിശയ്ക്ക് പണം കടം വാങ്ങി കൃഷി ചെയ്യുകയും കടക്കെണിയിൽപ്പെട്ട് തകരുകയും ചെയ്യുന്ന ആദി വാസികളായ ഗിരിവർഗ്ഗക്കാരായ പാവപ്പെട്ട മനുഷ്യ രുടെ ഉന്നമനത്തിനുവേണ്ടി യത്നിക്കാൻ ഹൃദയത്തി ൽ ഈശോ തോന്നിച്ചത് ഒരു രക്തസാക്ഷിയാവാൻ ആയിരുന്നുവെന്ന് അന്ന് അവൾക്ക് മനസ്സിലായില്ല. എങ്കിലും പിന്നീട് അത് മനസ്സിലാക്കി. കാരണം മേൽജാതിക്കാരായ മുതലാളിമാരുടെ ഭീഷണിക്കും അനിഷ്ടത്തിനും സിസ്റ്റർ പലപ്പോഴായി പാത്രീ ഭൂതയായി.

ആ പാവപ്പെട്ട മനുഷ്യർക്ക് വേണ്ടി ലോൺ ക്രമ പ്പെടുത്തുന്നതിനായി പലപ്രാവശ്യം ബാങ്കിൽ കയറിയിറങ്ങിയിട്ടുണ്ട്. ഒരിക്കൽ ബാങ്ക് മാനേജർ പുച്ഛത്തോടെ ചോദിച്ചു "സിസ്റ്റർ എന്തിനാണ് അവർ ക്കുവേണ്ടി ഇത്ര കഷ്ടപ്പെടുന്നത്". കഴുത്തിൽ ധരിച്ചി രുന്ന ക്രൂശിതരൂപം കയ്യിലെടുത്ത് പിടിച്ചുകൊണ്ട് അവൾ പറഞ്ഞു "ഈ ഈശോയെ പ്രതിയാണ് ഞാനിതൊക്കെ ചെയ്യുന്നത്. ഈ പാവപ്പെട്ടവരും നമ്മെപ്പോലെ മനുഷ്യരല്ലേ അവരെ സഹായിക്കേ ണ്ടത് നാം അല്ലേ?". കരുത്തുറ്റ ഈ വാക്കുകൾക്ക് മുമ്പിൽ ബാങ്ക് മാനേജർക്ക് മറ്റൊന്നും പറയാനുണ്ടാ യിരുന്നില്ല. അദ്ദേഹം ലോൺ ശരിയാക്കി കൊടുത്തു.

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെ ട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (വി. ലൂക്കാ 4:18-19). കത്തോലിക്കാ മെത്രാൻ സംഘം പുറപ്പെടുവിച്ച സർക്കുലറിൽ സി. റാണി മരിയയെക്കുറിച്ച് ഇപ്രകാരം കുറിക്കുന്നുണ്ട്. സി. റാണി മരിയ കൊല്ലപ്പെട്ടത് രാഷ്ട്രീയമോ, സാമ്പ ത്തികമോ, സാമുദായികമോ ആയ കാര്യങ്ങൾക്ക് വേണ്ടിയല്ല, പ്രത്യുത അവളുടെ ആഴമായ ക്രൈസ് തവ വിശ്വാസത്തിൽനിന്ന് ഉതിർന്ന സ്നേഹം, സത്യം, നീതി എന്നീ ദൈവരാജ്യ മൂല്യങ്ങൾക്ക് വേണ്ടിയാണ്. പല പദ്ധതികൾ രൂപീകരിച്ചുവെങ്കിലും ആത്യന്തിക മായി ദൈവത്തിന്റെ സ്നേഹത്തിലേക്ക് ഏവരെയും ആനയിക്കുക എന്നതായിരുന്നു സിസ്റ്ററിന്റെ ലക്ഷ്യം. സംഘടനകൾ രൂപീകരിച്ചപ്പോൾ ജന്മിമാരുടെ വരു മാനം കുറയാൻ കാരണമായി, അവരുടെ വെറുപ്പ് ഒന്നുകൂടി ആളിക്കത്താൻ ഇടയായി. "സമർപ്പിതരായ നാം ഭയപ്പെട്ടിരുന്നാൽ ആരാണ് ഈ പാവങ്ങളുടെ കാര്യം നോക്കുക, അവരും നമ്മുടെ സഹോദരങ്ങൾ അല്ലേ?" - ഇപ്രകാരം പറഞ്ഞുകൊണ്ട് കൂടെയുള്ള സഹോദരിമാർക്ക് സിസ്റ്റർ ഉന്മേഷം പകർന്നു കൊടു ത്തിരുന്നു.

ഗ്രാമത്തിൽ ഉണ്ടായ ഒരു വഴക്ക് സമാധാന ത്തിൽ തീർക്കാൻ സിസ്റ്റർ ശ്രമിച്ചു. പക്ഷേ പരിശ്രമ





ങ്ങളെല്ലാം വിഫലമായി, പോലീസ് കേസായി, നിരപരാധികളായ പല കത്തോലിക്കരെയും ജയിലിലടച്ചു. അവരെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ നടത്തിയ പരിശ്രമങ്ങൾ എതിരാളികളുടെ വൈരാഗ്യം വർദ്ധിക്കാൻ കാരണമായി. അതൊരു രക്തസാക്ഷ്യത്ത്വത്തിനുതന്നെ കാരണമായി.

വെറും 25,000 രൂപയുടെ പ്രതിഫലത്തിന് വേണ്ടി ഒരു ജീവനെ ഇല്ലാതാക്കാൻ സമുന്ദർ സിംഗ്, രാഷ്ട്രീയക്കാരുടെയും മുതലാളിമാരുടെയും ഗുണ്ടാ തൊഴിലാളി, ആദ്യഗഡുവായ 5000 രൂപയും വാറ്റു ചാരായവും വാങ്ങിക്കുടിച്ച് പൈശാചിക ശക്തി ജനിപ്പിച്ച് കൂട്ടാളികളുമൊത്ത് വെറുമൊരു പാവത്തിനെയല്ലേ വകവരുത്തിയത്. കൈയിലുണ്ടായിരുന്ന തേങ്ങയെടുത്ത് വഴിയിൽ ഉണ്ടായിരുന്ന ശിലാപ്രതിമയ്ക്ക് മുമ്പിൽ ഉടച്ച് ഇഷ്ടദേവതയ്ക്ക് പൂജയാക്കി. ബസ്സിലുണ്ടായിരുന്ന എല്ലാവർക്കും തേങ്ങാപൂളുകൾ വിളമ്പി. ബസ്സിന്റെ പിൻസീറ്റിലിരുന്ന് കൈകളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു കൊണ്ടിരുന്ന സി. റാണി മരിയയ്ക്ക് കൊടുക്കാതെ പിൻവലിച്ചു. അപ്പോഴും ആ നിഷ്കളങ്ക ഹൃദയം ചോദിച്ചു "ഇന്നെന്താണിത്ര സന്തോഷം" അതിനു മറുപടിയായി കൊടുത്തത് "ഇതു തന്നെ" എന്ന് പറഞ്ഞ് കൈയിലുണ്ടായിരുന്ന കഠാര ആ ചങ്കിലേക്ക് കുത്തി കയറ്റുകയായിരുന്നു. 50-ൽ പരം കുത്തുകൾ ഏറ്റുവാങ്ങിയപ്പോഴും ആ നാവിൽ നിന്ന് വന്നത് പണ്ട്, വല്യമ്മച്ചി പള്ളിയിൽ കൊണ്ടുപോകുമ്പോൾ ചൊല്ലി പഠിപ്പിച്ച 'ഈശോ', 'ഈശോ'യെന്ന നാമം മാത്രമായിരുന്നു. തന്റെ മണവാളനായ ക്രിസ്തുവിനുവേണ്ടി, അവനെപ്പോലെ ആ ഘാതകന്റെ പകതീരുവോളം ചവിട്ടും തൊഴിയും കുത്തും എല്ലാം ആ പുണ്യശരീരം ഏറ്റുവാങ്ങി.

പ്രിയപ്പെട്ടവരെ, കേരള സഭയുടെ അഭിമാന പുത്രിയായ, ആദ്യ രക്തസാക്ഷിയായ സി. റാണി മരിയയുടെ ജീവിതമാതൃകകളും മിഷൻ പ്രവർത്തനവും മധ്യസ്ഥ ശക്തിയും നമുക്കും പ്രചോദനമാകട്ടെ. "നമുക്കും അവനോടുകൂടെ പോയി മരിക്കാം" എന്ന ഭാരത അപ്പോസ്തോലന്റെ ഈ വാക്കുകൾ ജീവിതത്തിൽ അന്വർത്ഥമാക്കിയ സി. റാണി മരിയയെപ്പോലെ ആരാലും അറിയപ്പെടാത്ത ഒത്തിരി മിഷനറിമാർ നമ്മുടെ രാജ്യത്തും ഉണ്ട്. തീക്ഷ്ണതയോടെ സമർപ്പണ മനോഭാവത്തോടെ സുവിശേഷപ്രഘോഷണം നടത്തുന്ന ഒത്തിരി റാണി മരിയമാരും ഉണ്ട്.

"ഞാനും മിഷനിൽ പോയി പാവങ്ങളെ ശുശ്രൂഷിക്കും അവർക്കുവേണ്ടി മരിക്കും"- റാണി മരിയയുടെ ഈ വാക്കുകളും പ്രവർത്തനങ്ങളും ഓരോ മിഷനറിയ്ക്കും പ്രചോദനമാകട്ടെ.

തന്റെ മകളുടെ ഘാതകന്റെ കൈപിടിച്ചു കൊണ്ട് ആ അമ്മ പറഞ്ഞു "എന്റെ പുത്രിയുടെ ചോരയിൽ കുതിർന്ന കൈകൾ ഞാനൊന്നു ചുംബിക്കട്ടെ". നിരുപാധികം ക്ഷമിച്ച് സ്വന്തം മകനെപ്പോലെ ആ ഘാതകനെ കണ്ട അമ്മ, സി. റാണി മരിയയുടെ വീട്ടിൽ ചെന്ന് അവളുടെ അപ്പന്റെ കാലുപിടിച്ച് ക്ഷമ ചോദിച്ച ഘാതകനോട് ക്ഷമിക്കുന്ന അപ്പൻ, ഇവൻ എന്റെ സഹോദരനാണ് എന്ന് പറഞ്ഞ് രാഖി ദിവസം ജയിലിൽ ചെന്ന് ഘാതകന്റെ കൈയിൽ രാഖി കെട്ടി സ്വന്തം സഹോദരനെ പോലെ കണ്ട സി. റാണി മരിയയുടെ സഹോദരി സി. സെൽമി പോൾ.

തന്റെ മകളുടെ ഘാതകനോട് നിരുപാധികം ക്ഷമിച്ച് വട്ടാലിൽ കുടുംബാംഗങ്ങളെ പോലെ നമ്മുടെയൊക്കെ കുടുംബങ്ങൾ മാറട്ടെ എന്ന് പ്രാർത്ഥിക്കാം. മാതൃകാപരമായ കുടുംബ ജീവിതത്തിലൂടെ സഭയ്ക്കും സമൂഹത്തിനും ശക്തി പകരുവാൻ എല്ലാ കുടുംബങ്ങൾക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

വാഴ്ത്തപ്പെട്ട റാണി മരിയ എത്രയും പെട്ടെന്ന് വിശുദ്ധരുടെ ഗണത്തിൽ ചേർക്കപ്പെടട്ടെ എന്നും പ്രാർത്ഥിക്കാം.

**വാഴ്ത്തപ്പെട്ട റാണി മരിയ**
**ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ...**


www.malankaralibrary.com



# മലങ്കരയുടെ പുണ്യമായ തോമസ് മാർ ദിയസ്കോറോസ് തിരുമേനി



റവ. ഫാ. ജോൺ കരപ്പനശ്ശേരിമലയിൽ

(തിരുമൂലപുരം ഇടവകയിൽ
നിന്നുള്ള വൈദികൻ)

സംഭവബഹുലവും അത്ഭുതാവഹവുമായ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ചരിത്രവഴികളിൽ ദൈവനടത്തിപ്പിന്റെ ശ്രേഷ്ഠമായ ഒരു അടയാളമായിരുന്നു പുണ്യശ്ലോകനായ തോമസ് മാർ ദിയസ്കോറോസ് തിരുമേനിയുടെ പുനരൈക്യം. ഒറ്റതൈക്കൽ തിരുമേനിയെന്ന് അറിയപ്പെട്ടിരുന്ന അഭിവന്ദ്യ തിരുമേനി സ്വർഗ്ഗം പൂകിയിട്ട് 78 വർഷങ്ങൾ പൂർത്തിയാകുന്നു. ആധുനിക ലോകത്തിൽ എല്ലാവരും പേരിനും പ്രശസ്തിക്കും വേണ്ടി പരക്കം പായുമ്പോൾ, സംഭവബഹുലമായ ഒരു ചരിത്രമോ, അലങ്കരിച്ച പദവികളുടെയും പടുത്തുയർത്തിയ സ്ഥാപനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും നീണ്ടനിരയോ ഒന്നും അധികം കണ്ടുമുട്ടാനിടയില്ലാത്ത, അരങ്ങിലെത്താൻ ഒട്ടും ആഗ്രഹിക്കാതെ എളിയവനായി തന്റെ ശ്രേഷ്ഠാചാര്യ ശുശ്രൂഷ നടത്തി മലങ്കര സഭയ്ക്ക് ഇന്നും അനുഗ്രഹസ്രോതസ്സായി നിലകൊള്ളുന്ന മാർ ദിയസ്കോറോസ് തിരുമേനിയെ ഇന്നത്തെ തലമുറയ്ക്ക് എത്രമാത്രം അറിയാം എന്നുള്ളത് പ്രസക്തമായ ഒരു ചോദ്യമാണ്. ജീവിച്ചിരുന്ന കാലഘട്ടത്തിൽ ക്നാനായ യാക്കോബായ സമൂഹത്തിന്റെ എല്ലാമെല്ലാമായിരുന്ന തിരുമേനി സത്യത്തിനുവേണ്ടി സുരക്ഷിത സങ്കേതങ്ങൾ ഉപേക്ഷിച്ച്, ഭൗതിക അനിശ്ചിതത്വത്തിലേക്ക് എടുത്തുചാടുകയായിരുന്നുവെന്നത് അദ്ദേഹത്തെ അടുത്തറിയുമ്പോൾ നമുക്ക് മനസ്സിലാകും.

മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലെന്ന് ചരിത്രം വിശേഷിപ്പിക്കുന്ന തിരുമൂലപുരത്തിന്റെ മണ്ണ് ഏറെ സവിശേഷതകൾ നിറഞ്ഞതാണ്. ദൈവദാസൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്തയുടെ കണ്ണീരാൽ നനയപ്പെട്ട ആ മണ്ണിലാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആദ്യം കാലം ചെയ്ത മാർ ദിയസ്കോറോസ് തിരുമേനിയുടെ പുണ്യ കബറിടവും സ്ഥിതിചെയ്യുന്നത്. മലങ്കര സഭയിലെ ഭദ്രാസന ദൈവാലയങ്ങളിൽ അല്ലാതെ ഒരു ശ്രേഷ്ഠാചാര്യന്റെ കബറിടം തിരുമൂലപുരത്തുള്ള മാർ ദിയസ്കോറോസ് തിരുമേനിയുടെ കബറിടം മാത്രമാണ് എന്നുള്ളത് വളരെ ശ്രദ്ധേയമാണ്. കഴിഞ്ഞ 78 വർഷക്കാലമായി പുനരൈക്യത്തിന്റെ ഈ പുണ്യഭൂമിയിൽ അനുഗ്രഹം ചൊരിഞ്ഞു കൊണ്ട് ആ


www.malankaralibrary.com



കബറിടം അനേകർക്ക് ആശ്വാസം പകരുന്നുണ്ട്. തിരുമൂലപുരം ഇടവകാംഗമെന്ന നിലയിൽ അഭിവന്ദ്യ തിരുമേനിയെക്കുറിച്ച് കേട്ടറിഞ്ഞതിന്റെയും ആ കബറിടത്തിൽ നിന്ന് കൃപകൾ സ്വീകരിച്ചിട്ടുള്ള അനേകായിരങ്ങളുടെ ജീവിതസാക്ഷ്യത്തിന്റെയും വെളിച്ചത്തിലാണ് പുണ്യശ്ലോകനായ മാർ ദിയസ്കോറോസ് തിരുമേനിയെ അനുസ്മരിക്കാൻ ഞാൻ മുതിരുന്നത്. ചെറുപ്പം മുതൽ ഇന്നോളം വന്ദ്യ തിരുമേനിയുടെ വിശുദ്ധ ജീവിതത്തിന്റെ പരിമളം അനുഭവിച്ചറിയാൻ കഴിഞ്ഞിട്ടുള്ളത് നന്ദിയോടെ ഓർമ്മിക്കുന്നു.

ചിങ്ങവനത്തെ പുരാതനമായ തേർവ്വാലടി കുടുംബത്തിലെ കുരുവിളയുടെയും ഒറ്റത്തൈക്കൽ കുടുംബത്തിലെ നൈത്തിയമ്മയുടെയും ദ്വിതീയ പുത്രനായി 1884 ജനുവരി 4 ന് അഭിവന്ദ്യ തിരുമേനി ജനിച്ചു. പള്ളം സി.എം.എസ്. സ്കൂളിലും കോട്ടയം സി.എം.എസ്. കോളേജിലും വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹത്തിന് പതിനെട്ടാം വയസ്സിൽ പരിശുദ്ധ പരുമല തിരുമേനി ശെമ്മാശപ്പട്ടം നൽകി. തുടർന്ന് ഇടവഴിക്കൽ മാർ സേവേറിയോസ് തിരുമേനിയിൽ നിന്നും കശ്ശീശാപട്ടം സ്വീകരിച്ചു. ഇക്കാലയളവിൽ ക്നാനായ യാക്കോബായ സമുദായത്തിന്റെ പുനരൈക്യശ്രമങ്ങളും ആലോചനകളും കോട്ടയം രൂപതാ മെത്രാനായിരുന്ന അലക്സാണ്ടർ ചൂളപറമ്പിൽ തിരുമേനിയുടെയും ഇടവഴിക്കൽ മാർ സേവേറിയോസ് തിരുമേനിയുടെയും നേതൃത്വത്തിൽ ബഹുദൂരം മുന്നോട്ടു പോയെങ്കിലും ചില പ്രത്യേക സാഹചര്യങ്ങളാൽ ക്നാനായ യാക്കോബായ സമുദായം ഒന്നാകെയുള്ള പുനരൈക്യം സാധ്യമായില്ല. എന്നിരുന്നാലും ഇക്കാലയളവിൽ ധാരാളമാളുകൾ ക്നാനായ സമുദായത്തിൽനിന്നും കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ട് കോട്ടയം ക്നാനായ രൂപതയിൽ ചേർന്നു. ഇക്കൂട്ടത്തിലെ പ്രമുഖ വൈദികനായിരുന്നു ഒറ്റത്തൈക്കൽ തോമ്മാ കത്തനാർ (പിന്നീട് മാർ ദിയസ്കോറോസ് തിരുമേനി). 1921 ജൂലൈ 5 മുതൽ ഇപ്രകാരം യാക്കോബായ സഭയിൽ നിന്നും പുനരൈക്യപ്പെടുന്നവർക്ക് അന്ത്യോക്യൻ ആരാധനക്രമം കൂടി ഉപയോഗിക്കുന്നതിന് മാർപാപ്പ അനുവാദം നൽകി. അങ്ങനെ കത്തോലിക്കാ സഭയിൽ ആദ്യമായി മലങ്കര സഭ ഉപയോഗിക്കുന്ന അന്ത്യോക്യൻ ക്രമത്തിലുള്ള വി. കുർബാന ഇദംപ്രഥമമായി കോട്ടയം ഇടയ്ക്കാട്ട് പള്ളിയിൽ വച്ച് അർപ്പിക്കുവാനുള്ള മഹാഭാഗ്യം ലഭിച്ചതും അന്ന് വൈദികനായിരുന്ന അഭിവന്ദ്യ ദിയസ്കോറോസ് തിരുമേനിക്കായിരുന്നുവെന്നതും മറ്റൊരു ദൈവനിയോഗമായി നമുക്ക് കാണാൻ സാധിക്കും.

എന്നാൽ ക്നാനായ മെത്രാപ്പോലീത്ത ഇടവഴിക്കൽ മാർ സേവേറിയോസ് തിരുമേനി രോഗബാധിതനായിത്തീർന്നപ്പോൾ അദ്ദേഹത്തിന്റെ ശക്തനായ ഒരു പിൻഗാമിയായി ക്നാനായ സമുദായം കണ്ടെത്തിയത് ഒറ്റത്തൈക്കൽ തോമാ കത്തനാരെയായിരുന്നു. മാതൃസഭാംഗങ്ങളുടെ നിർബന്ധത്തിനു വഴങ്ങി ഏറെ മനോവ്യഥയോടെ ക്നാനായ സമുദായത്തിന്റെ നന്മയെ മുൻനിർത്തി അദ്ദേഹത്തിന് യാക്കോബായ സഭയിലേക്ക് തിരികെ പോകേണ്ടിവന്നു. 1926-ൽ യേറുശലേമിൽ വച്ച് യാക്കോബായ സഭയുടെ പരമാധ്യക്ഷനായിരുന്ന പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് പാത്രിയർക്കീസ് അദ്ദേഹത്തെ തോമസ് മാർ ദിയസ് കോറോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു.

ക്നാനായ മെത്രാപ്പോലീത്തയായി 12 വർഷക്കാലം ചിങ്ങവനത്ത് താമസിച്ചുകൊണ്ട് അദ്ദേഹം സുദീർഘമായ ശുശ്രൂഷ ചെയ്ത് സമുദായത്തെ പുരോഗതിയിലേക്കു നയിച്ചു. എങ്കിലും സത്യസഭയായ കത്തോലിക്കാസഭയെ പുൽകുവാനുള്ള ആഗ്രഹം അദ്ദേഹം ഹൃദയത്തിൽ സൂക്ഷിച്ചിരുന്നു. ഏറെ പ്രാർത്ഥനയ്ക്കും പരിചിന്തനത്തിനും ഒടുവിൽ മാർ ഈവാനിയോസ് തിരുമേനിയിലൂടെ സാക്ഷാത്കരിക്കപ്പെട്ട മലങ്കര പുനരൈക്യ പ്രസ്ഥാനത്തോട്



ചേർന്ന് അദ്ദേഹം കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. 1939 നവംബർ 12-ാം തീയതി മാർ ഈവാനിയോസ് പിതാവിന്റെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഭാഗമായിത്തീർന്നു.


തന്റെ പുനരൈക്യത്തിനുശേഷവും "ഏറ്റവും ചെറിയവൻ ആയിരിക്കണമെന്ന്" ശാഠ്യത്തോടെ പുനരൈക്യത്തിന്റെ പുണ്യഭൂമിയായ തിരുമൂലപുരത്ത് ഒരു താപസ്സനായി ജീവിച്ചുകൊണ്ട് അതിശീഘ്രം വളർന്നുകൊണ്ടിരുന്ന പുനരൈക്യ പ്രസ്ഥാനത്തെയും മലങ്കര സുറിയാനി കത്തോലിക്കാ സഭയെയും കണ്ട് ആത്മനിർവൃതിയോടെ കഴിഞ്ഞു. തന്റെ പുനരൈക്യത്തിനുശേഷം അദ്ദേഹം ജീവിച്ച 4 വർഷക്കാലം സഭൈക്യത്തിന്റെ ശീതളഛായയിൽ ആത്മനിർവൃതിയോടെ പ്രാർത്ഥനയിലും പരിത്യാഗത്തിലും ഒരു താപസനെപ്പോലെ കഴിഞ്ഞ വന്ദ്യ തിരുമേനി, 1943 ഫെബ്രുവരി 21-ാം തീയതി, പരിശുദ്ധ സഭ വാങ്ങിപ്പോയ എല്ലാ ആചാര്യശ്രേഷ്ഠൻമാരെയും ഓർമ്മിക്കുന്ന കൊഹനെ ഞായറാഴ്ച കാലം ചെയ്തു. തന്റെ ആഗ്രഹപ്രകാരം തിരുമൂലപുരത്തെ ദൈവാലയത്തിൽ വന്ദ്യ പിതാവിനെ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കബറടക്കി.

ജീവിതകാലത്ത് തന്നെ വിശുദ്ധാത്മാവ് എന്നറിയപ്പെട്ടിരുന്ന തിരുമേനിയുടെ കബറിടം മലങ്കര സഭയ്ക്ക് എന്നും അനുഗ്രഹത്തിന്റെ ഉറവയാണ്. നാനാജാതി മതസ്ഥർക്ക് അഭയകേന്ദ്രമായി പരമഭക്തനായ ഈ പിതാവിന്റെ കബറിടം മാറിയിരിക്കുന്നു. പുനരൈക്യ പ്രസ്ഥാനത്തോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന തിരുമൂലപുരം മണ്ണിൽ ഒരു ആത്മീയ ഗോപുരമെന്ന വിധം സഭൈക്യത്തിനായി ജീവിതം സമർപ്പിച്ച ഈ പുണ്യാത്മാവിന്റെ വിശുദ്ധ സാന്നിധ്യം സജീവമായി നിലനിർത്തണമെന്നത് ദൈവഹിതമായിരുന്നു. ആ കബറിടത്തിൽ വീണ കണ്ണുനീർ തുള്ളികൾ ഒന്നും വ്യർത്ഥമായി പോയിട്ടില്ലെന്ന് അനേകരോട് ചേർന്ന് നന്ദിയോടെ ഞാനും സാക്ഷ്യപ്പെടുത്തട്ടെ. സ്ഥാനമാനങ്ങൾക്കായി പോരാട്ടം നടത്തുന്നവർ മാതൃകയാക്കേണ്ട മലങ്കരയുടെ ഈ മാണിക്യത്തെ സ്വർഗ്ഗം വിലമതിക്കുന്നു എന്നതിന്റെ തെളിവായി അനേകം അത്ഭുതങ്ങൾ അദ്ദേഹത്തിന്റെ മധ്യസ്ഥതയിൽ സംഭവിച്ചു കൊണ്ടിരിക്കുന്നു. താഴ്മയും വിശുദ്ധിയും കൊണ്ട് തന്റെ ആചാര്യ ശുശ്രൂഷയെ സമ്പുഷ്ടമാക്കിയ മലങ്കരയുടെ പുണ്യമായ മാർ ദിയസ്കോറസ് തിരുമേനിയുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.




കേരള കാത്തലിക് യൂത്ത് മൂവ്മെന്റ് (കെ.സി.വൈ.എം.)
സംസ്ഥാന വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റോഷ്നാ
മറിയം ഈപ്പൻ (തിരുവനന്തപുരം മേജർ അതിഭദ്രാസനം,
അഗസ്റ്റിൻ ജോൺ (പാറശ്ശാല ഭദ്രാസനം),
സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട അജോയി പി. തോമസ്
(പത്തനംതിട്ട ഭദ്രാസനം)
എന്നിവർക്ക് എം.സി.വൈ.എം. കുടുംബത്തിന്റെ
**അഭിനന്ദനങ്ങൾ.....**


www.malankaralibrary.com



# Life after COVID-19

**Jose Milton J G**

St. George MSC Church
George Nagar, Muzhucode,
Panachamood Dist., Marthandam diocese.

To begin, before we talk about life after COVID-19, there is an urgent need to talk about life after the lockdown. It is difficult to imagine that any one of us can return to what was the "old normal". Shops and offices will slowly limp back putting up a brave front and expending all their energies to ensure that they somehow survive. The Government has yet to share a blueprint for revival and recovery of the stricken economy. Reassuring noises have failed to comfort the most distressed segment of the population - the daily wagers (those on a daily wage, living hand to mouth). We discuss the digital divide, but the "new normal" induced by COVID-19 should oblige us to discuss the living divide also. The novel coronavirus disease (COVID-19) lockdown has led to disruptions on a scale we have never seen before. It is not clear what the "new normal" of our lives will be when country after country went into lockdown and many employees turned their homes into offices. Overall they embraced the flexibility and zero commute that remote working affords. The first case of COVID-19 in India was reported on 30th January 2020. India currently has the largest number of confirmed cases in Asia, where India has approved two COVID-19 vaccines for restricted use. Both vaccines have received what is known as a "restricted use approval in an emergency situation". This approval for Covaxin is like a backup. The COVID-19 infections and deaths are accelerating in many parts of the world. With 16% of the world's population belonging to youth (aged between 15-24) which in turn constitutes nearly 25% of the total working age population, enhancing the skills of the youth is an imperative that we cannot ignore if we are to successfully address the devastating socio-economic effects of the




pandemic on our youth. The pandemic has affected young people more than any other group, with nearly one in six young people out of work. We are also observing an increase of unemployment being more pronounced among young women as compared to young men. Those that have managed to retain their jobs have seen their working hours cut by nearly 25 percent. In recent months young and healthy people in their 20's and 30's who are socially and economically active, mobile and returning to school have been driving transmission. Many are often asymptomatic or they present with only mild symptoms when infected and therefore, may unknow ingly spread the virus to co-workers, family members, fellow students and others. Relaxed control measures, declining risk perception and understandable desire to return to normalcy have led to reduced protective behaviours and more social and workplace interactions where the virus spreads efficiently. The recent resurgence of cases and undetected transmissions among younger and healthier populations suggests that the COVID-19 outbreak will likely continue for the foreseeable future until a safe, effective and affordable vaccine becomes widely available. However, in current times we have witnessed economies around the world that have been affected, subsequently hampering the possibility of improving the skills of young people.

The global pandemic has impacted not only employment opportunities but has also disrupted the delivery of education, training and skills develop ment programmes and has also made labour market entry and transition between jobs quite challenging. People have adopted new behaviours to prevent infection such as mask wearing, physical distancing, hand hygiene and tele-working as part of daily life. Now the challenge is to make these new behaviours part of our everyday life and subsequently a greater willingness to adopt infection prevention practices as part of the "new normal". Embedding these practices as part of our "new normal" can be a stepping stone to a new future with benefits for other health issues far beyond the response to COVID-19.

After a year of the pandemic we are starting to see a way to restore health, economies and societies together. Long-term planning and investments will enable us to rebuild more resilient societies and help achieve our common vision - that tomorrow's generation of young women and men need to be equipped to walk a common path towards a "new normal" built for peace, safety and security. While the experiment is not over yet, the lessons have more or less been learned. So where do we go from here? Should we shrug this off as a temporary turn of events or should we use the lessons learned to define and improve our future? "Yea, though I walk through the valley of the shadow of death, I will fear no evil: for thou art with me; thy rod and thy staff they comfort me". (Psalm 23:4)

# സഭാതലസമിതി

### കലണ്ടർ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജനപ്രസ്ഥാനം (എം.സി.വൈ.എം.) പ്രസിദ്ധീകരിച്ച 2021 വർഷത്തെ കലണ്ടർ, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ, തിരുവനന്തപുരം മേജർ ആർച്ച് ബിഷപ്പ് ഹൗസിൽ വച്ച് എം.സി.വൈ.എം. പ്രസിഡന്റ് ജിത്ത് ജോൺ ഫ്രാൻസിസിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.



### മൊബൈൽ ആപ്ലിക്കേഷൻ

പുതുവർഷത്തിൽ സഭാമക്കൾക്ക് എം.സി.വൈ. എം. ഒരുക്കിയ സ്നേഹസമ്മാനം. ലോകത്ത് എവിടെയായിരുന്നാലും നമ്മുടെ യാമപ്രാർത്ഥന കളും നോമ്പുകാല പ്രാർഥനകളും ശ്ഹീമോ നമസ് കാരവും ഐക്യദീപവും



ക്രൈസ്തവ കാഹളവും വിരൽത്തുമ്പിൽ ലഭ്യമാകുന്ന മൊബൈൽ ആപ്ലിക്കേ ഷൻ പുതുവത്സര കുർബാനയ്ക്ക് ശേഷം അത്യഭിവന്ദ്യ ബാവാ തിരുമേനി സഭാമക്കൾക്കായി സമർപ്പിച്ചു.

### സദ്വാർത്ത

ഡിസംബർ 1 മുതലുള്ള ദിവസങ്ങളിൽ എം.സി. വൈ.എം. പ്രസ്ഥാനത്തിന് സുദീർഘമായ നേതൃത്വം നൽകുന്ന ഭദ്രാസന ഡയറക്ടർമാരും ആനിമേറ്റർ സിസ്റ്റേഴ്സും യുവജനങ്ങളെ നോമ്പിന്റെ അരൂപിയിൽ ഒരുക്കുന്നതിനും 25 നോമ്പിന്റെ ദിനങ്ങൾ അർത്ഥവത്താക്കുന്നതിനുംവേണ്ടി എം.സി.വൈ.എം. ഫേസ്ബുക്ക് പേജ് വഴി സന്ദേശം നൽകി.





### എം.സി.വൈ.എം. തീം 2021

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 2020 ഒക്ടോബർ മാസം 3-ാം തീയതി പുറപ്പെടുവിച്ച ചാക്രിക ലേഖനമായ 'ഫ്രത്തെലി തൂത്തി' അടിസ്ഥാനമാക്കി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ


www.malankaralibrary.com

മുഴുവൻ യുവജനങ്ങൾക്കും 2021 വർഷത്തിൽ പ്രത്യേകം ധ്യാനിച്ച് ഒരുങ്ങുവാനായി 'യുവജനങ്ങൾ : സഹോദര്യത്തിന്റെ അപ്പോസ്തോലർ' എന്ന പഠന വിഷയം സഭയുടെ യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവ് ജനുവരി രണ്ടിന് യുവജനങ്ങൾക്കായി സമർപ്പിച്ചു.




## ഗ്ലോബൽ മീറ്റ് 2021

എം.സി.വൈ.എം. സഭാതല സമിതിയുടെ നേതൃത്വത്തിൽ അന്തർദേശീയ സെനറ്റ് സമ്മേളനം, ഗ്ലോബൽ മീറ്റ് 2021 ജനുവരി 16 ന് തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് ദൈവാനുഗ്രഹത്താൽ ഭംഗിയായി നടത്തുവാൻ സാധിച്ചു.

എം.സി.വൈ.എം. പ്രസ്ഥാനത്തിലെ യുവജനങ്ങൾ നെഞ്ചിലേറ്റിയ ത്രിവർണ്ണ പതാക പട്ടം കാതോലിക്കേറ്റ് സെന്ററിൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉയർത്തി ഗ്ലോബൽ മീറ്റ് 2021 ന് തുടക്കം കുറിച്ചു.

സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ പിതാവിന്റെ അനുഗ്രഹാശീർവാദത്തോടെ നടന്ന ഗ്ലോബൽ മീറ്റ്, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ് ഉദ്ഘാടനം ചെയ്തു. ഭാരതത്തിലെ ഏറ്റവും പ്രായം കുറഞ്ഞ മേയർ എന്ന ബഹുമതിക്കർഹയായ തിരുവനന്തപുരം നഗരത്തിന്റെ അധ്യക്ഷ ആര്യാ രാജേന്ദ്രൻ, എം.സി.വൈ.എം. കുടുംബത്തിന്റെ ആദരവ് ഏറ്റുവാങ്ങിയ ശേഷം യുവജനപ്രസ്ഥാനത്തെ അഭിസംബോധന ചെയ്ത് സംസാരിച്ചു. തുടർന്ന് ബഹുമാനപ്പെട്ട മേയർ 2021 വർഷത്തെ ആദ്യ യുവചേതനാ മാഗസിന്റെ പ്രകാശന കർമ്മം നിർവഹിച്ചു.

എം.സി.വൈ.എം. 2021 വർഷത്തെ പഠനവിഷയമായ 'യുവജനങ്ങൾ: സഹോദര്യത്തിന്റെ അപ്പോസ്തോലർ' എന്ന വിഷയത്തെപ്പറ്റി മലങ്കര മേജർ സെമിനാരി രജിസ്ട്രാർ ബഹുമാനപ്പെട്ട ഡോ. ജോളി കരിമ്പിൽ അച്ചൻ ക്ലാസ് നയിച്ചു.

സഭയുടെ 12 ഭദ്രാസനങ്ങളിലെയും യുവജനങ്ങൾ അവർ ഒരു വർഷക്കാലം ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരണം നടത്തുകയും, കോവിഡ് കാലത്ത് ചെയ്ത പ്രവർത്തനങ്ങളുടെ വീഡിയോ പ്രസന്റേഷൻ അവതരിപ്പിക്കുകയും ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ യുവജന കമ്മിഷൻ ചെയർമാനായിരുന്ന ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ഓർമത്തിരുനാൾ ദിനം കൂടിയായ ജനുവരി 16 ന്, മലങ്കരയിലെ പുണ്യപിതാക്കന്മാരെ കബറടക്കിയിരിക്കുന്ന പട്ടം കബർ ചാപ്പലിൽ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിന്റെയും വന്ദ്യ വൈദികരുടെയും സാന്നിധ്യത്തിൽ ധൂപപ്രാർത്ഥന നടത്തി ഗ്ലോബൽ മീറ്റ് പര്യവസാനിച്ചു.

സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ, യുവജന കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവ്, തിരുവനന്തപുരം മേയർ ശ്രീമതി ആര്യ രാജേന്ദ്രൻ, മലങ്കര മേജർ സെമിനാരി രജിസ്ട്രാർ ഫാ. ജോളി കരിമ്പിൽ, തിരുവനന്തപുരം കാതോലിക്കേറ്റ് സെന്റർ ഡയറക്ടർ ഫാ. ആന്റണി കാക്കനാട്ട്, എം.സി.വൈ.എം. മുൻ ഡയറക്ടർ ഫാ. തോമസ് കയ്യാലക്കൽ, പട്ടം സെന്റ് മേരീസ് കത്തീഡ്രൽ വികാരി ഫാ. ജോൺ പടിപ്പുരക്കൽ, പട്ടം സെന്റ് മേരീസ് കത്തീഡ്രൽ സഹവികാരി


www.malankaralibrary.com

ഫാ. ജോബിൻ പാലവിളകിഴക്കേതിൽ, കെ.സി.വൈ.എം. പ്രസിഡന്റ് ബിജോ പി. ബാബു എന്നിവരെ യുവജനസഭ നന്ദിയോടു കൂടി ഓർക്കുന്നു.

എട്ട് ഭദ്രാസനങ്ങളുടെ സാന്നിധ്യത്തെയും നാല് ഭദ്രാസനങ്ങളുടെ ഓൺലൈൻ സാന്നിധ്യത്തെയും ഭദ്രാസനങ്ങളിൽ നിന്നുള്ള മറ്റ് ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

അന്തർദേശീയ ക്വിസ് മത്സരത്തിൽ വിജയികളായ 1. തിരുവല്ല അതിഭദ്രാസനം 2. പത്തനംതിട്ട ഭദ്രാസനം 3. ബത്തേരി ഭദ്രാസനം എന്നിവർക്ക് ട്രോഫിയും ക്യാഷ് പ്രൈസും യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് പിതാവ് രൂപതാ നേതൃത്വത്തിന് കൈമാറി.

Green Month Drive പദ്ധതിയിൽ വിജയികളായ 1. തിരുവല്ല അതിഭദ്രാസനം (കുമളി മേഖല) 2. പത്തനംതിട്ട ഭദ്രാസനം (സീതത്തോട് വൈദിക ജില്ല) 3. തിരുവനന്തപുരം മേജർ ഭദ്രാസനം (ആയൂർ വൈദിക ജില്ല) എന്നിവർക്കുള്ള ട്രോഫി യുവജന കമ്മിഷൻ ചെയർമാൻ അഭിവന്ദ്യ വിൻസെന്റ് പിതാവ് രൂപതാ നേതൃത്വത്തിന് കൈമാറി.

2019-20 വർഷത്തിൽ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച് ഉന്നത വിജയം കരസ്ഥമാക്കിയവരുടെ മെമെന്റൊ ഭദ്രാസന നേതൃത്വത്തിന് നൽകി.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം

### വാർഷിക സെനറ്റ് സമ്മേളനം

തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ വാർഷിക സെനറ്റ് സമ്മേളനം ഡിസംബർ 19 ശനിയാഴ്ച പട്ടം സമന്വയ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. മേജർ അതിഭദ്രാസന മുൻ ഡയറക്ടർ ഫാ. ജോൺ വിളയിൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു.



### ബെത്‌ലഹേം വോയ്സ്

എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ തിരുപ്പിറവിയുടെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനും 25 നോമ്പിലെ ദിനങ്ങൾ അർത്ഥപൂർണ്ണമാക്കുന്നതിനും യുവജനങ്ങളെ ആത്മീയമായി ഒരുക്കുന്നതിനും വേണ്ടി അതിഭദ്രാസന ഭാരവാഹികളെയും വൈദിക ജില്ലാ പ്രസിഡന്റുമാരെയും ഉൾപ്പെടുത്തി ഡിസംബർ മാസം 1 മുതൽ 25 വരെയുള്ള ദിവസങ്ങളിൽ ക്രിസ്തുമസ് സന്ദേശം നൽകി.

### ക്രിസ്തുമസ് സന്ദേശം

ഡിസംബർ 1 മുതൽ 25 വരെ നടത്തിവരുന്ന ബെത്‌ലഹേം വോയ്സിന്റെ ഭാഗമായി ഡിസംബർ 20 ഞായറാഴ്ച വൈകിട്ട് 3 മണിക്ക് യുവജനങ്ങളെ ഓൺലൈനിൽ പങ്കെടുപ്പിച്ചു കൊണ്ട് ക്രിസ്തുമസ് ദിന സന്ദേശം നൽകി.

ഫാ. സിജോ ചെന്നാടൻ വിശിഷ്ടാതിഥിയായി പങ്കെടുക്കുകയും ക്രിസ്മസ് സന്ദേശം പങ്കുവയ്ക്കുകയും ചെയ്തു.

### വൈദിക ജില്ലാ സമ്മേളനവും എം.സി.വൈ.എം. ചരിത്ര പഠന ക്ലാസും

ജനുവരി 3 ഞായറാഴ്ച തിരുവനന്തപുരം, കഴക്കൂട്ടം, നെടുമങ്ങാട് വൈദിക ജില്ലകൾ പട്ടം സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ ഒരുമിച്ച്








www.malankaralibrary.com

കൂടുകയും എം.സി.വൈ.എം. മുൻ സഭാതല ഡയറക്ടർ ഫാ. തോമസ് കയ്യാലക്കൽ ചരിത്ര പഠന ക്ലാസ് നയിക്കുകയും ചെയ്തു.

8-ാം തീയതി അടൂർ തിരുഹൃദയ ദൈവാലയത്തിൽ വച്ച് പുനലൂർ, കൊട്ടാരക്കര, അടൂർ വൈദിക ജില്ലകൾ ഒരുമിച്ച് കൂടുകയും എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസന മുൻ ഡയറക്ടർ ഫാ. ബിനോയ് കൊച്ചുകരിക്കത്തിൽ ചരിത്ര നയിക്കുകയും ചെയ്തു.

9-ാം തീയതി അഞ്ചൽ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് കിളിമാനൂർ, ആയുർ, അഞ്ചൽ വൈദിക ജില്ലകൾ ഒരുമിച്ച് കൂടുകയും മുൻ ഡയറക്ടർ ഫാ. ബോവാസ് മാത്യു മേലൂട്ട് ചരിത്ര പഠന ക്ലാസ് നയിക്കുകയും ചെയ്തു.

### സുവർണ്ണ ജൂബിലി കർമ്മപദ്ധതി ഉദ്ഘാടനം



സുവർണ്ണ ജൂബിലി നിറവിൽ ആയിരിക്കുന്ന എം.സി.വൈ.എം. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ സുവർണ്ണ ജൂബിലി ഉദ്ഘാടനവും 2021 വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനവും സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ നിർവഹിച്ചു.

പട്ടം തിരുസന്നിധിയിൽ വിശുദ്ധ കുർബാനയ്ക്കുശേഷം ജൂബിലി തിരി തെളിയിക്കുകയും വൈദിക ജില്ലാ പ്രസിഡന്റുമാർക്ക് പകർന്നു നൽകുകയും ചെയ്തുകൊണ്ട് സുവർണജൂബിലി വർഷത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം ബാവ തിരുമനസ്സ് നിർവഹിച്ചു. തുടർന്ന് 2021 വർഷത്തെ കർമ്മപദ്ധതി 'ARISE 2021' ഉദ്ഘാടനവും സുവർണ ജൂബിലി ലോഗോ പ്രകാശനവും നടന്നു

അഭിവന്ദ്യ കാതോലിക്കാബാവ തിരുമനസിന്റെ നാമഹേതുക തിരുനാൾ ആഘോഷിക്കുകയും ചാരിറ്റി ഫണ്ടിലേക്ക് അതിഭദ്രാസന, ജില്ലാ ഭാരവാഹികൾ സംഭാവന നൽകുകയും ചെയ്തു.

തിരുവനന്തപുരം മേജർ അതിഭദ്രാസന പ്രസിഡന്റ് ശ്രീ. ജെറിൻ മാത്യു പുതുവീട്ടിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ലിജു ബാബു കോട്ടവട്ടം സ്വാഗതം ആശംസിക്കുകയും ഫാ. അരുൺ ഏറത്ത് ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. എം.സി.വൈ.എം. മുൻ സഭാതല ഡയറക്ടർ ഫാ. തോമസ് കയ്യാലക്കൽ, സഭാതല പ്രസിഡന്റ് ശ്രീ. ജിത്ത് ജോൺ ഫ്രാൻസിസ്, തിരുവനന്തപുരം മേജർ അതിഭദ്രാസന ഡയറക്ടർ ഫാ. വർഗീസ് കിഴക്കേക്കര തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ട്രഷറർ ശ്രീ. ജിജു ജസ്റ്റിൻ നന്ദി പറഞ്ഞു.

### സുവർണജൂബിലി ദിവ്യബലിയർപ്പണം

ജൂബിലി വർഷത്തിലേക്ക് ഔദ്യോഗികമായി കടക്കുന്നതിന്റെ ഭാഗമായി 2021 ജനുവരി 10 ഞായറാഴ്ച പട്ടം അരമന ചാപ്പലിൽ വച്ച് സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ യുവജനങ്ങൾക്കായി ദിവ്യബലി അർപ്പിച്ചു.

ഇതിനോട് ചേർന്ന് യൂണിറ്റ് തലങ്ങളിൽ വൈദികർ യുവജനങ്ങൾക്കായി ദിവ്യബലി അർപ്പിക്കുകയും യുവജനങ്ങൾ കുമ്പസാരിച്ച്, കാഴ്ച അർപ്പണം നടത്തി വിശുദ്ധ കുർബാന സ്വീകരിക്കുകയും യൂണിറ്റുകളിൽ പതാക ഉയർത്തുകയും ചെയ്തു.

## തിരുവല്ല അതിഭദ്രാസനം

### വാർഷിക സെനറ്റ് 2020 - 2021

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന വാർഷിക സെനറ്റ് ജനുവരി 9 -ാം തീയതി വേങ്ങൽ സെന്റ് മേരിസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു.

എം.സി.വൈ.എം. പ്രഥമ പ്രസിഡന്റ് ഷെവലിയർ വർഗീസ് കരിപ്പായിൽ സാറിനെയും അതിഭദ്രാസന





www.malankaralibrary.com

മുൻ ആനിമേറ്റർ മറിയാമ്മ ജോണിനെയും അനുസ്മരിക്കുകയും അതോടൊപ്പം തന്നെ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച യുവജനങ്ങളായ മറിയം റ്റി. തോമസ്, ഷൈനി പി. മാത്യു എന്നിവരെ അനുമോദിക്കുകയും ചെയ്തു.

കെ.സി.വൈ.എം. സംസ്ഥാന കലോത്സവത്തിലും തിരുവല്ല അതിഭദ്രാസന കലോത്സവത്തിലും അതിരൂപത നടത്തിയതായ വിവിധ മത്സരങ്ങളിലും വിജയികളായവരുടെ സമ്മാനങ്ങളും നൽകി.

സെനറ്റ് സമ്മേളനം ബഹുമാനപ്പെട്ട സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ വികാരിയും തിരുവല്ല മേഖല വികാരിയുമായിരിക്കുന്ന വെരി. റവ. ഡോ. ഐസക് പറപ്പള്ളി ഉദ്ഘാടനം ചെയ്തു. കരിപ്പായിൽ സാറിനെക്കുറിച്ചുള്ള അനുസ്മരണ പ്രഭാഷണം കെ.സി.എഫ് ന്റെ മുൻ സംസ്ഥാന പ്രസിഡന്റ് പ്രൊഫസർ ജേക്കബ് എം. എബ്രഹാമും മറിയാമ്മ ജോണിന്റെ അനുസ്മരണം എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന കോർഡിനേറ്റർ സി. അലീന എസ്.ഐ.സി യും നിർവഹിച്ചു. തുടർന്ന് 9 മേഖലകളും അവരുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

### CHRISTMAS J.A.M

**Express your Christmas thoughts in a minute !**




എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസിനോടനുബന്ധിച്ച് യുവജനങ്ങൾക്കായി J A M (Just A Minute) പ്രസംഗമത്സരം നടത്തുകയുണ്ടായി. 24 മത്സരാർത്ഥികൾ പങ്കെടുത്തതിൽ നിന്ന് 5 മത്സരാർഥികളെ തെരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി.

### MERCIFUL CHRISTMAS

എം.സി.വൈ.എം. തിരുവല്ല അതിഭദ്രാസന മുൻ ആനിമേറ്റർ മറിയാമ്മ ജോൺ അനുസ്മരണാർത്ഥം ക്രിസ്മസിനോടനുബന്ധിച്ച് Merciful Christmas എന്ന പേരിൽ ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് സാമ്പത്തിക സഹായം നൽകി.




## മാവേലിക്കര ഭദ്രാസനം

### പി.എസ്.സി കോച്ചിംഗ് സെന്റർ ഉദ്ഘാടനം

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പി.എസ്.സി. കോച്ചിംഗ് സെന്റർ ഉദ്ഘാടനം 2020 ഡിസംബർ മാസം 15-ാം തീയതി ഭദ്രാസനത്തിന്റെ സോഷ്യൽ സർവീസ് സംഘടനയായ ചേതനയുടെ ഓഫീസിൽ വച്ച് നടത്തപ്പെട്ടു. എം.സി.വൈ.എം. ഭദ്രാസന പ്രസിഡന്റ് ജോബി നീലേശ്വരത്തിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേള




www.malankaralibrary.com

നത്തിൽ മാവേലിക്കര ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ഉദ്ഘാടനം നിർവഹിക്കുകയും എം.സി.വൈ.എം. ഭദ്രാസന ഡയറക്ടർ ഫാ. ഡെന്നിസ് മുകളുംപുറത്ത് കോച്ചിംഗ് സെന്റർ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് വിശദീകരിക്കുകയും ചെയ്തു.

### ബൈബിൾ പഠന കൂട്ടായ്മ (Exodus)

എം.സി.വൈ.എം. മാവേലിക്കര ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ബൈബിൾ പഠനവും ആരാധന പ്രാർത്ഥനകൂട്ടായ്മയും ആരംഭിച്ചു. മാവേലിക്കര ഭദ്രാസനത്തിലെ പ്രബോധന ഡയറക്ടറായിരിക്കുന്ന ബഹുമാനപ്പെട്ട വർഗീസ് കൊച്ചുകളീക്കൽ അച്ചൻ ക്ലാസുകൾക്ക് നേതൃത്വം നൽകുന്നു. കടമ്പനാട് വൈദിക ജില്ല (മണ്ണാറോഡ്), മാവേലിക്കര വൈദിക ജില്ല (ഇടപ്പോൺ) എന്നിവിടങ്ങളിൽ വച്ച് ക്ലാസുകൾ നടത്തപ്പെട്ടു. ബൈബിൾ പഠന ക്ലാസുകൾക്ക് ശേഷം ആരാധനയും നടത്തി.



## പത്തനംതിട്ട ഭദ്രാസനം

### ആക്ഷൻ-കട്ട് ടാബ്ലോ മൽസരം

വി. ബൈബിളിലെ ചരിത്ര സംഭവങ്ങളെ നിശ്ചല ദൃശ്യമായി അണിയിച്ചൊരുക്കി വിവിധ



ഭദ്രാസനങ്ങളിൽ നിന്നായി നിരവധി യൂണിറ്റുകൾ പങ്കെടുത്ത മത്സരത്തിൽ നെല്ലിയാടി യൂണിറ്റ് (പുത്തൂർ ഭദ്രാസനം), ചിറ്റാർ യൂണിറ്റ് (പത്തനംതിട്ട ഭദ്രാസനം), വയ്യാറ്റുപുഴ യൂണിറ്റ് (പത്തനംതിട്ട ഭദ്രാസനം) എന്നീ യൂണിറ്റുകൾ വിജയികളായി.

### ആനക്കുഴിയിൽ ഒരു മിഷൻ ദിനം



പത്തനംതിട്ട ഭദ്രാസനത്തിന്റെ മിഷൻ ദൈവാലയമായ പാറശ്ശാല ഭദ്രാസനത്തിലെ ആനക്കുഴി ഇടവക എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസന സമിതി അംഗങ്ങൾ സന്ദർശിച്ചു. ഭദ്രാസന സമിതിയുടെ ക്രിസ്തുമസ് സമ്മാനമായി 30,000 രൂപ ഇടവക ജനങ്ങളുടെ ഉന്നമനത്തിനും വളർച്ചയ്ക്കുമായി ഇടവക വികാരി ഫാ. ജോർജിന് കൈമാറി. ഒപ്പം, ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കും അരിയും ക്രിസ്തുമസ് കേക്കും അടങ്ങിയ കിറ്റും നൽകുകയുണ്ടായി. കൂടാതെ 50,000 രൂപ മിഷനുവേണ്ടി കണ്ടെത്തി നൽകി.


വന്ദ്യ പിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന കബറിടം പത്തനംതിട്ട ഭദ്രാസന സമിതി അംഗങ്ങൾ ഒരുമിച്ചു സന്ദർശിച്ചു അനുഗ്രഹം പ്രാപിച്ചു.



### എം.സി.വൈ.എം. വാർഷിക സെനറ്റ് സമ്മേളനം

എം.സി.വൈ.എം. പത്തനംതിട്ട ഭദ്രാസനത്തിന്റെ വാർഷിക സെനറ്റ് സമ്മേളനം, പന്തളം വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ ഡിസംബർ 27-ാം തീയതി ഉച്ചയ്ക്ക് 1 മണി മുതൽ തട്ട ദൈവാലയ


www.malankaralibrary.com



ത്തിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന ആനിമേറ്റർ സി. തമീം എസ്.ഐ.സി. എം.സി.വൈ.എം. പതാക ഉയർത്തി കൊണ്ട് സെനറ്റ് സമ്മേളനത്തിന് ആരംഭം കുറിച്ചു. അഭിവന്ദ്യ സാമുവൽ മാർ ഐറേനിയോസ് പിതാവ് സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. തട്ട ഇടവക വികാരി ഫാ. അഗസ്റ്റിൻ പുലിമുറ്റത്ത് ആശംസകൾ അറിയിച്ചു സംസാരിച്ചു. അഞ്ച് വൈദിക ജില്ലകളും റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് ഭദ്രാസന സമിതിയുടെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. സംഘടനാ ചർച്ചയോടെ സമ്മേളനം അവസാനിച്ചു.

## മൂവാറ്റുപുഴ ഭദ്രാസനം

### തദ്ദേശതിരഞ്ഞെടുപ്പ് വിജയികൾക്ക് സ്നേഹാധരങ്ങൾ

മൂവാറ്റുപുഴ ഭദ്രാസനത്തിൽ നിന്നും തദ്ദേശ തിരഞ്ഞെടുപ്പിൽ വിജയിച്ചവർക്ക് ഭദ്രാസനത്തിലെ എം.സി.എ., എം.സി.വൈ.എം. സംയുക്തമായി സ്നേഹാധരങ്ങൾ നൽകി. ജനുവരി 9 ശനിയാഴ്ച വിമലഗിരി കാത്തലിക് സെന്ററിൽ വെച്ച് ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് പൊന്നാടയും മെമന്റോയും നൽകി ആദരിച്ചു.




### എം.സി.വൈ.എം. മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ വാർഷിക സെനറ്റ് സമ്മേളനം

എം.സി.വൈ.എം.മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ 2020-2021 വർഷത്തെ വാർഷിക സെനറ്റ് സമ്മേളനം ജനുവരി 9 ന് വിമലഗിരി കാത്തലിക്ക് സെന്ററിൽ വച്ച് ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് ഉദ്ഘാടനം നിർവഹിച്ചു. സഭയോട് ചേർന്നുനിന്നുകൊണ്ട് വിവിധ മേഖലകളിൽ തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ യുവജനങ്ങൾ തയ്യാറാവണം എന്ന് അഭിവന്ദ്യ പിതാവ് ഉദ്ഘാടന പ്രസംഗത്തിൽ ആഹ്വാനം ചെയ്തു.



### ജോബ് പോർട്ടൽ വെബ്സൈറ്റ് ഉദ്ഘാടനം

എം.സി.വൈ.എം. മൂവാറ്റുപുഴ രൂപതയുടെ ആഭിമുഖ്യത്തിൽ ജോബ് പോർട്ടൽ വെബ്സൈറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ തെയഡോഷ്യസ് പിതാവ് നിർവഹിച്ചു. യുവജനങ്ങൾക്ക് തൊഴിൽ സാധ്യത സംബന്ധിച്ച് അറിയേണ്ടതെല്ലാം വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

## പാറശ്ശാല ഭദ്രാസനം

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ സേവനം ആരംഭിച്ച പാറശ്ശാല സമരിറ്റൻസ് ടാസ്ക് ഫോഴ്സ് വോളണ്ടിയേഴ്സിനെ ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയൂസ് പിതാവിന്റെ സാന്നിധ്യത്തിൽ കേരള സോഷ്യൽ സർവീസ് ഫോറം അരമനയിൽ വച്ചു ആദരിച്ചു.

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതി




www.malankaralibrary.com

യുടെ 2020-2021 പ്രവർത്തന വർഷത്തെ വാർഷിക സെനറ്റ് സമ്മേളനം 2021 ജനുവരി 26-ാം തീയതി ചൊവ്വാഴ്ച പനച്ചമൂട് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഭദ്രാസന സമിതി ഡയറക്ടർ റവ. ഡോ. പ്രഭീഷ് ജോർജ്ജ് സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. പുതിയ വൈദിക ജില്ല ഡയറക്ടേഴ്സ്, ആനിമേറ്റർ എന്നിവരെ സെനറ്റ് സമ്മേളനത്തിൽ സ്വാഗതം ചെയ്തു. റവ. ഫാ. ഷീൻ പാലക്കുഴി 'യുവജനങ്ങളും കോവിഡാനന്തര ലോകവും' എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. ഭദ്രാസന വികാരി ജനറാൾ വന്ദ്യ മോൺ. സെലിൻ ജോസ് കോണത്തുവിള സമാപന സന്ദേശം നൽകി.



## Diocese of Pune

### MCYM Eparchial Secretariat

Pune conducted an online Carol choir singing competition for the malankara youths world wide to participate in December 2020. The results were announced on 10th January, 2021. Winners are: 1st : Holy Redeemers SMCC, Kalewadi, Pune 2nd : St. Thomas SMCC, Thane, Mumbai 3rd :St. Thomas SMCC, West Delhi.




കേരള കാത്തലിക്ക് യൂത്ത് മൂവ്മെന്റ് (കെ. സി. വൈ. എം.) പ്രസ്ഥാനത്തിന്റെ പ്രസിഡന്റായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബിജോ പി ബാബു (മുവാറ്റുപുഴ ഭദ്രാസനം), സെക്രട്ടറിമാരായി പ്രവർത്തിച്ച അമ്പിനി പോൾ (ബത്തേരി ഭദ്രാസനം), സിബിൻ സാമുവേൽ (മാവേലിക്കര ഭദ്രാസനം) എന്നിവരോടുള്ള എം. സി. വൈ. എം. കുടുംബത്തിന്റെ നന്ദിയും സ്നേഹവും അറിയിക്കുന്നു.




www.malankaralibrary.com

# ഗ്ലോബൽ മീറ്റ് 2021



























*Design & Layout : **Syam Chowara, Nia Graphics, TVM.   Ph : 9747 044 811***

www.malankaralibrary.com